# ഭിന്നശേഷി കൂട്ടായ്മ

**Bhinnasheshi Kuttaima** Reg. No. TVM/TC/192/2020

TC 65/600 1, Madathilnada, Thiruvallam PO,
Thiruvananthapuram, Kerala, Pin: 695027

bhinnasheshi.com


## റിപ്പോർട്ട് 2021 – 22

2016 ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിൽ പ്രതിപാദിക്കുന്ന 21 വിഭാഗം ഭിന്നശേഷി വിഭാഗങ്ങളുടെയും ക്ഷേമത്തിനായി കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി, തിരുവനന്തപുരം ആസ്ഥാനമായി ഭിന്നശേഷി കൂട്ടായ്മ എന്ന പേരിൽ സംഘടന രൂപീകരിച്ചു. 1955 ലെ 12 –ാമത് തിരുകൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങളുടെ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് 2020 മാർച്ച് ഏഴിന് സംഘടന രജിസ്റ്റർ ചെയ്തു.

ലോകത്തെ നടുക്കിയ കോവിഡ് 19 മഹാമാരി സംഘടനയുടെ പ്രവർത്തനങ്ങളെ മുൻ വർഷത്തെപോലെ ഈ കാലയളവിലും പ്രതികൂലമായി ബാധിച്ചു.

സംഘടനയുടെ ഔദ്യോഗിക വെബ് സൈറ്റിലൂടെയുള്ള ഓൺലൈൻ മെമ്പർഷിപ്പിൽ 2022 ഫെബ്രുവരി 28 വരെ 107 പേർ അംഗങ്ങളായി.

ഭിന്നശേഷി സംബന്ധമായ നിരവധി വിവരങ്ങൾ വെബ് സൈറ്റിലൂടെ പ്രസിദ്ധീകരിച്ചുവരുന്നു. 2021 – 22 കാലഘട്ടത്തിൽ 51,181 പേർ വെബ്സൈറ്റ് സന്ദർശിച്ചു.

2021 ഫെബ്രുവരിയിൽ ഭിന്നശേഷി കൂട്ടായ്മയ്ക്കു പാൻ കാർഡ് ലഭിച്ചു. 2021 സെപ്തംബറിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചു. പേയു മണിയുടെ സഹകരണത്തോടെ സംഭാവനകൾ വെബ്സൈറ്റിലൂടെ ഓൺലൈനായി സെപ്തംബർ മുതൽ സ്വീകരിച്ചുതുടങ്ങി.

2021 ൽ കേന്ദ്ര സർക്കാരിന്റെ എൻജിഒ ലിസ്റ്റിൽ ഭിന്നശേഷി കൂട്ടായ്മയ്ക്കു (Unique Id: KL/2021/0275957) അംഗമായി അംഗീകാരം ലഭിച്ചു.

സെറിബ്രൽ പാൾസി ബാധിച്ച് ചലനശേഷിയും സംസാരശേഷിയും നഷ്ടമായ എട്ടു വയസുകാരി ഗാഥയ്ക്ക് സാമ്പത്തിക സഹായം നൽകാൻ കഴിഞ്ഞത് കൂട്ടായ്മയുടെ മികച്ച നേട്ടമായി.

2021 ഡിസംബറിൽ തിരുവനന്തപുരം ജില്ലാ സാമൂഹ്യ നീതി വകുപ്പു സംഘടിപ്പിച്ച ഭിന്നശേഷി ദിനാചരണത്തിൽ സംഘടനാ പ്രതിനിധികൾ പങ്കെടുത്തു.

മുൻ വർഷങ്ങളിൽ കൂട്ടായ്മ നൽകിയ നിവേദനങ്ങൾക്ക് പരിഗണന ലഭിക്കാതിരുന്നതിനെ തുടർന്ന് 2022 ജനുവരിൽ ബഹു. സാമൂഹ്യ നീതി വകുപ്പ് മന്ത്രിയെ നേരിൽ സന്ദർശിച്ച് കേരളത്തിലെ ഭിന്നശേഷിക്കാർ നേരിടുന്ന പ്രധാന വിഷയങ്ങൾ അവതരിപ്പിച്ചു.

2022 മാർച്ചിൽ ബഹു. എഡിഎമ്മിന്റെ അധ്യക്ഷതയിൽ വിളിച്ചുചേർത്ത പരിരക്ഷ കമ്മിറ്റി യോഗത്തിൽ സംഘടനാ പ്രതിനിധി പങ്കെടുത്തു.

2021 – 22 ൽ കൂട്ടായ്മ മൂന്ന് തവണ പൊതുയോഗം ചേർന്നു.

Sajeev


Ph: 7907356763, E-mail: info@bhinnasheshi.com, dapfkerala@gmail.com,
Web: bhinnasheshi.com, youtube/bhinnasheshi, facebook.com/mybhinnasheshi,
twitter.com/mybhinnasheshi, instagram.com/mybhinnasheshi